കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അനങ്ങനടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെഎസ്എ(പികെഡി)പി16-1890/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം കെഎസ്എ(പികെഡി)പി16-1890/23 തീയ്യതി: 27/12/2023

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-01-2023 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാം മനോഹർ.വി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	02-12-2023	13-12-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-12-2023	13-12-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി -ഓഡിറ്റ് ഓഫീസർ

ശബ്ദാദാസ്.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ

ബേബി.കെ -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ചന്ദ്രൻ.പി.	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.ജി.തുളസീധരൻ	സെക്രട്ടറി	01-04-2022	08-10-2022

ശ്രീമതി.ജലജകുമാരി.എ.	സെക്രട്ടറി	09-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജി.പി.	കൃഷി ഓഫീസർ	01-04-2022	29-09-2022
ശ്രീമതി.ജാസ്മിൻ.പി.എ.	കൃഷി ഓഫീസർ	30-09-2022	29-10-2022
ശ്രീമതി.അഞ്ജു.കെ.ബേബി	കൃഷി ഓഫീസർ	30-10-2022	31-03-2023
ശ്രീ.സുകേഷ്.സി.യു.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ഡോ.സൌമ്യ.വി.എം.	മെഡിക്കൽ ഓഫീസർ. പി.എച്ച്.സി.	01-04-2022	31-03-2023
ഡോ.രേണു.എസ്.ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2022	31-03-2023
ഡോ.രാജി.വി.പി.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023
ഡോ.സൂസൻ ചെറിയാൻ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീ.ഗോപകുമാർ.പി.എം.	വി.ഇ.ഒ.	01-04-2022	31-03-2023
ശ്രീമതി.കദീജ.എം.എസ്.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	15-01-2023
ശ്രീമതി.ദീപ.കെ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	16-01-2023	31-03-2023
ശ്രീ.മുരുകേഷ്.കെ.ആർ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	01-11-2022
ശ്രീമതി.കാഞ്ചന.കെ.എ.	അസിസ്റ്റന്റ് സെക്രട്ടറി	02-11-2022	31-03-2023
ശ്രീ.സുരേഷ് കുമാർ.എ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	05-05-2022
ശ്രീ.അജിത്.കെ.സി.	ഡയറി ഫാം ഇൻസ്ട്രക്ടർ	06-05-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഹെൽത്ത് ഗ്രാന്റ് - ചെലവ് എൻട്രി വരുത്തിയില്ല	1-1-1
3	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-2
4	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-3
5	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യതയില്ല	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ലൈഫ് മിഷൻ– സ്റ്റേറ്റ് ഷെയർ തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല	1-1-6
8	MGNREGS-യഥാർത്ഥ ചെലവുതുകകൾ വാർഷിക കണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	വസ്തുനികുതി കുടിശ്ശികയിനത്തിലെ ഡിമാൻഡ് ഇനത്തിലെ സഞ്ചയയിലെ തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	വാടക ഇനത്തിലെ കുടിശ്ശിക- രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-9
11	മുൻ വർഷത്തെ വരവ് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല	1-1-10
12	റീകൺസിലീയേഷൻ സ്റ്റേറ്റ്മെന്റിലെബാങ്ക് ബുക്ക് പ്രകാരമുള്ള തുക,ബാങ്ക്ബുക്ക് തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-11
13	പൊരുത്തപ്പെടുത്തൽ നടപടികളിൽ കൃത്യതയില്ല	1-1-12
14	ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-1-13
15	ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തിയിട്ടില്ല	1-1-14
16	RP-40 B-ലെ നീക്കിയിരുപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പുകളും പൊരുത്തപ്പെടുന്നില്ല	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക അവലോകനം	1-3
19	ഫണ്ട് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	തൊഴിലുറപ്പ് പദ്ധതി	1-6
22	സാമൂഹ്യ ക്ഷേമ പെൻഷനുകൾ	1-7
23	ക്യാഷ് ബാലൻസ് പരിശോധന	1-8
24	ആഭ്യന്തരനിയന്ത്രണം	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	രസീതി തുകഅടവാക്കിയിട്ടില്ല	1-11
27	തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ	1-12
28	വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-13
29	റോഡ് കട്ടിങ്ങ് ഫീയായി അടവാക്കിയ തുകയുടെ ആധികാരിത-ഫയൽ വിവരങ്ങൾ– എഗ്രിമെന്റ് എന്നിവ ലഭ്യമല്ല	1-14
30	വസ്തു നികുതി പരിഷ്കരണം.2023	1-15
31	എ ബി സി പ്രോഗ്രാം- തുക കൈമാറൽ–വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്	1-16
32	കുടിവെള്ള വിതരണം- അപാകങ്ങൾ	1-17
33	തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്	1-18
34	കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്	1-19
35	വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി	1-20

	പാലിക്കേണ്ടതാണ്	
36	ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്	1-21
37	റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്	1-22
38	പാപ്പിനിക്കോട് ബൈപാസ് കോൺക്രീറ്റ് -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-23
39	കളംചാള കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതാണ്	1-24
40	എം.സി.എഫ്. കെട്ടിടം -പ്രവർത്തനക്ഷമമാക്കേണ്ടതാണ്	1-25
41	വനിത ജിംനേഷ്യം -കെട്ടിടത്തിന് അടിസ്ഥാന സൌകര്യമൊരുക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്	1-26
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-പത്രികകൾ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/15-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: - -2023

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ഹെൽത്ത് ഗ്രാന്റ് – ചെലവ് എൻട്രി വരുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് - Health Grant Diagnostic Infrastructure To PHCs, Health Grant (Towards Conversion Of PHCs & Subcentres Into Health & Wellness Centres) എന്നിവയുടെ ആകെ വരവു തുകയായ 544832 രൂപ RP 30 ഷെഡ്യൂളിൽ 320100139- National Health Mission എന്ന ഒറ്റ ഹെഡിൽ ആണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതേ തുക ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുണ്ട്. 2 പ്രോജക്ടുകളിലായി 117200 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ജേണൽ എൻട്രി വരുത്തിയിട്ടില്ല. ഇക്കാരണത്താൽ വരവ് തുക മുഴുവനായും നീക്കിയിരിപ്പായി B4 ൽ ഉൾപ്പെട്ടിരിക്കുന്നു. RP 40(b) പ്രകാരം ഹെൽത്ത് ഗ്രാന്റിന്റെ രണ്ട് അക്കൗണ്ടുകളിലായി (SBI - Health Grant Diagnostic Infrastructure- 00000041007100809, SBI- Health Grant Conversion Of Rural PHC – 00000041007103323) ആകെ 427632 രൂപയാണ് നീക്കിയിരിപ്പുള്ളത്.

1-1-2 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കി ILGMSഉമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യതയില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2902910 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1024432 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-6 ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

അക്കൗണ്ട്സ് പ്രകാരം 320300199 എന്ന ഹെഡിൽ തൻവർഷം ലൈഫ് മിഷൻ State Share 300000 രൂപ വരവും മുന്നിരിപ്പായി 22000 രൂപയും ആണുള്ളത്. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 322000 രൂപ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. 2021-22 വർഷം സ്റ്റേറ്റ് ഷെയർ 900000 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നത് തൻവർഷം ഇതേ ഹെഡിൽ മുന്നിരിപ്പായി ഉൾപ്പെടുത്തുന്നതിന് പകരം 320200301 ക്രിമറ്റോറിയം എന്ന ഹെഡിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 320200301 എന്ന ഹെഡിലെ 900000 രൂപയും 320300199 എന്ന ഹെഡിലെ വരവ് 300000 രൂപയും ഉൾപ്പെടെ ആകെ 1200000 രൂപയിലെ 1075000 ചെലവ് തുക ജേർണൽ ചെയ്ത് മാറ്റിയിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും ഈ ഹെഡുകളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ഷെയർ യഥാർത്ഥ ബാലൻസ് തുക 125000 (1200000-1075000) രൂപയാണ്.

1-1-7 MGNREGS-യഥാർത്ഥ ചെലവുതുകകൾ വാർഷിക കണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല

MGNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ മുന്നിരിപ്പ് -₹10290.75 വരവ് ₹1625915 , ചെലവ് -₹1636205.75, നീക്കിയിരിപ്പ് -₹0 ആണ്. EFMS ചെലവ് തുക ₹22345122 ആണ്. വാർഷിക കണക്കിലെ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
അക്കൗണ്ട്സ് പ്രകാരം MGNREGS അഡ്വാൻ വരവ് 1625915 രൂപയും മുന്നിരിപ്പ് 37859 രൂപയുമാണ്. ആകെ 1663774 രൂപ. ടി തുക ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായും ഉൾപ്പെട്ടിട്ടുണ്ട്. അഡ്വാൻ ചെലവ് ജേണൽ എൻട്രി വരുത്തിയിട്ടില്ല. കൂടാതെ വാർഷിക കണക്ക് പ്രകാരം EFMS ചെലവു തുക 6285723 (I6 + B3) രൂപയാണ്. 16059399(22345122- 6285723) രൂപയുടെ വ്യത്യാസമുണ്ട്.

1-1-8 വസ്തുനികുതി കുടിശ്ശികയിനത്തിലെ ഡിമാൻഡ് ഇനത്തിലെ സഞ്ചയയിലെ തുകകളും വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

CODE	Item	മുൻ വർഷത്തെ B15പ്രകാരമുള്ള തൻ വർഷത്തെ അരിയർ (Demand)	സഞ്ചയ പ്രകാരമുള്ള ഡിമാൻഡ്	വ്യത്യാസം
431100102	Receivables For Property Tax On Residential Buildings (Arrears)	259,179 (Arrears)+48,477 (Current)=307656	318145	318145-307656= 10489
431100104	Receivables For Property Tax On Non-Residential Buildings (Arrears)	190,145. (Arrears)+45,280 (Current)=235425	274352	274352-235425= 38927

1-1-9 വാടക ഇനത്തിലെ കുടിശ്ശിക- രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്റർ പ്രകാരം	വാർഷിക കണക്ക് പ്രകാരം B-15-(431400102)-Rent Receivables From Buildings-Arrears
119350	28750

1-1-10 മുൻ വർഷത്തെ വരവ് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല

RP-11 -190100102 Prior-Period Income -Profession Tax Instiutions /Professions /Traders	10130
I-9 Prior-Period Income -Property Tax	75278

തൻ വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന മേൽ പരാമർശിച്ച തുകകൾ സാധൂകരിക്കുന്ന വിവരങ്ങൾ ലഭ്യമല്ല. ഐ.എൽ.ജി.എം.എസിലെ ലെഡ്ജർ പരിശോധയിൽ

രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും ടി രേഖപ്പെടുത്തലുകളുടെ കൃത്യത തെളിയിക്കുന്ന വിവരങ്ങൾ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ രേഖപ്പെടുത്തലുകൾ ആധികാരികമാണെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-11 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെബാങ്ക് ബുക്ക് പ്രകാരമുള്ള തുക,ബാങ്ക്ബുക്ക് തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

SBI -OWN FUND-A/c-57061195858

ക്രമ നമ്പർ	തീയതി	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള തുക	ബാങ്ക് ബുക്ക് പ്രകാരമുള്ള തുക	വ്യത്യാസം
1	30-4-2022	8166559	8166549	10
2	31-05-2022	8014158	8014148	10
3	30-06-2022	7965375	7965365	10
4	31-07-2022	6847494	6847484	10
5	31-08-2022	7047637	70476327	10
6	30-09-2022	6682019	6682009	10
7	31-10-2022	6144756	6117177	10
8	30-11-2022	5524406	5524396	10
9	31-12-2022	5774527	5774517	10

1-1-12 പൊരുത്തപ്പെടുത്തൽ നടപടികളിൽ കൃത്യതയില്ല

അക്കൌണ്ടിന്റെ പേര് -LGTSB OWN FUND A/C-799013000000505

പ്രസ്തുത ബാങ്ക് അക്കൌണ്ടിന്റെ 2022 ജൂലൈ, 2022 ഡിസംബർ, 2023 ജനവരി മാസത്തെ പാസ്ബുക്ക് വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ അക്കൌണ്ട്സ് ചട്ടം 60 പ്രകാരമുള്ള പൊരുത്തപ്പെടുത്തൽ നടപടികൾ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

1-1-13 ചെക്കുകൾ സ്റ്റേയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

SBI OWN FUND A/C ANANGANADI(57061195858)

നാളിതുവരെയായിട്ടും സ്ഥാപനത്തിൽ നിന്നും നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടുള്ള എല്ലാ ചെക്കുകളും സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല -Cheque Issued But Not Presented Into Bank (P) എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന സ്റ്റെയിൽ ചെക്കുകൾ ബാദ്ധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തീയതി	ഇൻസ്ട്രുമെന്റ് തീയതി	തുക
1	19-07-2021	570091	1,000.
2	19-07-2021	570098	1000
3	19-07-2021	570079	1000
4	19-07-2021	571171	1000
5	19-07-2021	570082	1000

6	19-07-2021	570088	1000
7	19-07-2021	570071	1000
8	19-07-2021	570094	1000
9	19-07-2021	570095	1000
10	19-07-2021	570107	1000
11	19-07-2021	570087	500
12	19-07-2021	570093	1000
13	21-10-2021	607823	12500
14	21-10-2021	607823	12500
15	06-09-2022	279265	520
16	22-05-2022	092941	507
17	11-11-2022	279312	59,651
18	06-09-2022	279262	972.00
19	06-09-2022	279262	1,298.00
20	06-09-2022	279262	3,275.00
21	06-09-2022	279265	520.0

മേൽ പ്രസ്താവിച്ച ചെക്കുകൾ 2023 സെപ്റ്റംബർ മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും തുടരുന്നു. ആയതിനാൽ പ്രസ്തുത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ബാദ്ധ്യത ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.(ഓഡിറ്റ് എൻക്വയറിനം. (21/12.12.2023)

1-1-14 ബാങ്ക് ബുക്കിൽ ഇടപാടുകൾ രേഖപ്പെടുത്തിയിട്ടില്ല

അക്കൌണ്ടിന്റെ പേര് -INDIAN BANK PADNA LIGNA ABHIYAN A/C-7153915661

പ്രസ്തുത ബാങ്ക് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം തൻ വർഷത്തിൽ 3.4.2022മുതൽ 5.8.2022വരെ 45070രൂപയുടെ ഇടപാടുകൾ നടന്നതായി കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ ആകെ 1800/-രൂപയുടെ ഒരു എൻട്രി മാത്രമാണ് ഇടപാടുകൾ (ചെലവ്) നടന്നതായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാസ് ബുക്ക് പ്രകാരം ഇടപാടുകൾ നടന്നതായി കാണുന്നുണ്ടെങ്കിലും ബാങ്ക് ബുക്കിൽ വരവ്, ചെലവ് എന്നീ രീതിയിൽ യാതൊരു തുകയും രേഖപ്പെടുത്തിയിട്ടില്ല.

1-1-15 RP-40 B-ലെ നീക്കിയിരുപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പുകളും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് റസീറ്റ് ആൻഡ് പേയ്മെന്റിലെ തുകകളും (RP-40 B)ലെ നീക്കിയിരുപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പുകളും പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൌണ്ട്	RP-40 (B)	ബാങ്ക് ബുക്ക് ബാലൻസ്
SBI Health Grant Diagnostic Infra-00000041007100809	267330	376435

1-2 ബജറ്റ്

28-02-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 28.2.23 ലെ ഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	1,29,82,940
തൻവർഷം വരവ്	21,63,61,542
ആകെ വരവ്	22,93,44,482
ചെലവ്	22,45,18,886
നീക്കിയിരിപ്പ്	48,25,596

വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക അവലോകനം

മുന്നിരിപ്പ്	14,435,694
വരവ്	33948361
ആകെ	48,384,055
ചെലവ്	31045451
നീക്കിയിരിപ്പ്	17338604

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	15518250	15518250	14684716	833534
വികസനഫണ്ട് എസ്.സി.പി	0	9428000	9428000	7728386	1699614
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	11804300	11804300	1238049	10566251
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	4570000	4570000	2758469	1811531
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)- ബാങ്ക്	395474	2732947	3128421	1197765*	1930656
സെൻട്രൽ ഫിനാൻസ് കമ്മീഷൻ	3683000	3815000	7498000	2247994**	5250006

ഗ്രാന്റ്(ടൈഡ്)-ബാങ്ക്					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി	0	108818	108818	83772*	25046
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി	0	2027780	2027780	679779**	1348001

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) -ൽ ₹189947/- പലിശ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

*സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)+ അൺടൈഡ് സ്പിൽ ഓവർ ട്രഷറി യിലെ ചെലവു തുകയാണ് AFSൽ ₹1281537 (I-6+B3) ഉള്ളത്.

**സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)+ ടൈഡ് സ്പിൽ ഓവർ ട്രഷറി യിലെ ചെലവു തുകയാണ് AFSൽ ₹2927773 (I-6+B3) ഉള്ളത്.

ബാലൻസ് ഷീറ്റ് B-4ലെ CFC ടൈഡ്, അൺടൈഡ് തുകകളും ബാങ്ക് പാസ് ബുക്കിലെ തുകയും തമ്മിലുള്ള വ്യത്യാസം ₹69849/- . ഇതിൽ 69749/- ബില്ലിൽ നിന്നും പിടിച്ച ജിഎസ്ടി തുക ഏപ്രിൽ 2023-ൽ അടച്ചതിനാലാണ്. 100 രൂപയുടെ വ്യത്യാസം 100 രൂപയുടെ ചെലവ് ജേർണൽ ചെയ്യ്ത് മാറ്റാത്തതാണ്.

കേന്ദ്രാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
PBIG	627350	0	627350	0	627350*
സമ്പൂർണ്ണ ശുചിത്വം	553526	0	553526	0	553526
ICDS	14473	1448376	1462849	903576	559273
Health Grant -Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres Into Health And Wellness	0	197156	197156	36854	160302**

Centres					
Health Grant Towards Support For Diagnostic Infrastructure To The PHCs	0	347676	**347676**	80346	267330**

**Health Grant Towards Support For Diagnostic Infrastructure To The PHCs - ബാലൻസ് തുക B-4ലും RP 40-bയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. 117200 രൂപ ചെലവ് തുക B-4ൽ ജേർണൽ ചെയ്തു മാറ്റിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	37859	1625915	1663774	1663774	0
എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം		6285723	6285723	6285723	
ആകെ	37859	7911638	7949497	7949497	0

MGNREGS – ബാലൻസ് തുക B-4ലും RP 40-bയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. 1663774 രൂപ ചെലവു തുക B-4ൽ നിന്നും ജേർണൽ ചെയ്തു മാറ്റിയിട്ടില്ല.

NREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ മുന്നിരിപ്പ് -₹10290.75 വരവ് ₹1625915 , ചെലവ് -₹1636205.75, നീക്കിയിരിപ്പ് -₹0 ആണ്. EFMS തുക ₹22345122 ആണ്.

AFS പ്രകാരം മുന്നിരിപ്പ്, അഡ്മിൻ ചെലവ്, B-4 പ്രകാരമുള്ള ബാലൻസ്, I-6 +B-3 പ്രകാരമുള്ള EFMS തുക എന്നിവ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

<u>സംസ്ഥാനാവിഷ്കൃതം</u>

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷൻ**	900000	300000	1200000	1075000	125000
ശുചിത്വ മിഷൻ	189773	0	189773	0	189773*

*PBIG + ശുചിത്വമിഷൻ ഗ്രാന്റ് തുകയാണ് AFS -ൽ Balance Sheet-ൽ Grant From Suchitwa Mission എന്ന് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ലൈഫ് മിഷൻ യഥാർത്ഥ ബാലൻസ് തുക 125000 ആണ്. എന്നാൽ 320200301 എന്ന ഹെഡിൽ ക്രിമറ്റോറിയം എന്ന ഹെഡിൽ ബാലൻസ് കാണിച്ചിട്ടുള്ള തുക ₹900000 2021-22 വർഷത്തെ മുന്നിരിപ്പാണ്. 320200301 എന്ന ഹെഡിലെയും 320300199 എന്ന ഹെഡിൽ ഉൾപ്പെട്ട 300000 രൂപയും ഉൾപ്പെടെ ആകെ 1200000 രൂപയിൽ 1075000 ചെലവ് തുക ജേർണൽ ചെയ്ത് മാറ്റിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
186	107217175	121	38343308	0	65	65.05

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	5	5	4356525	3509858	80.57
വി.ഇ.ഒ.	17	9	53212600	8767524	16.48
ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	8	6872878	5791516	84.27
സെക്രട്ടറി	34	21	8911123	4616661	51.81
അസിസ്റ്റന്റ് എഞ്ചിനിയർ	99	58	25470347	10740937	42.17
മെഡിക്കൽ ഓഫീസർ-PHC	6	6	2061219	1125149	54.59
മെഡിക്കൽ ഓഫീസർ-ആയുർവേദം	2	2	735000	734769	99.97
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2	400000	365943	91.49
വെറ്ററിനറി സർജ്ജൻ	6	6	2065200	662889	32.1
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	900000	725000	80.56

അസിസ്റ്റന്റ് സെക്രട്ടറി	5	3	2232283	1303062	58.37
ആകെ	186	121	107217175	38343308	35.76

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ. ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ്	37859	1625915	1663774	1663774	0
എം.എൻ.ആർ.ഇ. ജി.എസ്- തൊഴിലാളി കളുടെ വേതനം		6285723	6285723	6285723	
ആകെ	37859	7911638	7949497	7949497	0

MGNREGS - ബാലൻസ് തുക B-4ലും RP 40-bയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. 1663774 രൂപ ചെലവു തുക B-4ൽ നിന്നും ജേർണൽ ചെയ്തു മാറ്റിയിട്ടില്ല.

NREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ മുന്നിരിപ്പ് -₹10290.75 വരവ് ₹1625915 , ചെലവ് -₹1636205.75, നീക്കിയിരിപ്പ് -₹0 ആണ്. EFMS തുക ₹22345122 ആണ്.

AFS പ്രകാരം മുന്നിരിപ്പ്, അഡ്മിൻ ചെലവ്, B-4 പ്രകാരമുള്ള ബാലൻസ്, I-6 +B-3 പ്രകാരമുള്ള EFMS തുക എന്നിവ തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-7 സാമൂഹ്യ ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	1057000	677
2	വിധവാ പെൻഷൻ	12168500	7692
3	വാർദ്ധക്യകാല പെൻഷൻ	23737700	15554
4	വികലാംഗ പെൻഷൻ	3331800	2121
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ	1372400	865

	വനിതകൾക്കുള്ള പെൻഷൻ		

1-8 ക്യാഷ് ബാലൻസ് പരിശോധന

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.12.2023തീയ്യതിയിൽ 2.30 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4152/- (നാലായിരത്തി ഒരുന്നൂറ്റി അമ്പത്തിരണ്ട് രൂപ) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.
കണക്കുകൾ ശരിയായി അക്കൌണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.
NREGS EFMS തുക -AFS-ൽ മുഴവൻ തുകയും അക്കൌണ്ട് ചെയ്തിട്ടില്ല.
ഗ്രാമപഞ്ചായത്തിൽ ILGMS സംവിധാനത്തിലൂടെയാണ് തൻവർഷം മുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത്.
ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2023 ജൂലൈ പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ശുചിത്വമിഷൻ ഫണ്ട്, മറ്റു ഗ്രാന്റുകൾ എന്നിവയുടെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23-1-2016 മുതൽ 6-2-2016 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

6.10.2023 തിയതിയിലെ A&G (HQ)III/III/8A-2374/2015-16/166 Dt. 6.10.2023 നം. കത്ത് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 10-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

1-11 രസീതി തുകഅടവാക്കിയിട്ടില്ല

കൃഷി ഓഫീസർ ഉപയോഗിച്ച രസീതി പുസ്തകം 59874ൽ നം.22 മുതൽ 99വരെയുള്ള രസീതിയുടെ തുകയായ 12780/- രൂപയും രസീതി പുസ്തകം 11069 നം. 1, -11വരെയുള്ള കളക്ഷൻ തുകയായ 1983/-രൂപയും ഉൾപ്പെടെ 14763യാണ് അടവാക്കേണ്ടത് എന്നാൽ 27/01/2023തീയതിയിലെ 1220202619നം രസീതി പ്രകാരം 14427രൂപയാണ് അടവാക്കിയിരിക്കുന്നത്.ആയതിനാൽ കുറവായി അടവാക്കിയ 336/-(14763-14427)രൂപ തിരികെ അടവാക്കേണ്ടതാണ്.

രസീതി പുസ്തകം 11069/15,-280 രൂപ, 11069/16- 204രൂപ (01.23 രസീതി പുസ്തക പ്രകാരം തീയതി എഴുതിയിട്ടില്ല.) കളക്ഷൻ തുകയായ 484/- രൂപ കളക്ഷൻ രജിസ്റ്ററിൽ എഴുതിയിട്ടില്ല. തുക അടവാക്കിയ വിവരങ്ങളും ലഭ്യമല്ല.ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(15/11.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 820/-(336+484) രൂപ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി	868400 രൂപ
ട്രേഡേഴ്സിന്റെ തൊഴിൽ നികുതി	135150രൂപ
സ്ഥാപന തൊഴിൽ നികുതി	57250 രൂപ
ആകെ	1060800

1.തൊഴിൽ നികുതി രജിസ്റ്റർ പൂർണമല്ല

തൻ വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ ഇൻഡക്സായി 44 സ്ഥാപനങ്ങളുടെ പേരുകൾ ചേർത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. അവയിൽ തന്നെ പലസ്ഥാപനങ്ങളുടെയും അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിട്ടില്ല.

2.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

3.റേഷൻ കടകൾ, MSME കൾ, കള്ളുഷാപ്പുകൾ , അക്ഷയ ഇ സേവനകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്ന് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

4. താഴെ പറയുന്ന സ്ഥാപനങ്ങൾ 22-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

ക്രമ നം	സ്ഥാപനം	അടവാക്കാത്ത അർദ്ധ വർഷം
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ	രണ്ടാം അർദ്ധവർഷം
2	അനങ്ങനടി ഗ്രാമപഞ്ചായത്ത് വനിതാസർവ്വീസ് സഹകരണസംഘം	ഒന്നാം അർ ദ്ധവർഷം
3	കേരളസ്റ്റേറ്റ് സിവിൽ സപ്ലൈയിസ് കോർപ്പറേഷൻ	രണ്ടാം അർദ്ധവർഷം

4	സീ.എസ് ഫ്യൂവൽസ്	1,2 അർദ്ധവർഷം
5	വി.ആർ.എസ് ഗ്രാനൈറ്റസ്	1,2 അർദ്ധവർഷം

മേൽ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

5. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

കരിങ്കൽ ഖനനം നടത്തുന്നതിനായി ലൈസൻസ് അനുവദിച്ച വി.ആർ.എസ് ഗ്രാനൈറ്റസ് എന്ന സ്ഥാപനം 22.4.2022 തീയതിൽ 1220100215 നം രസീതി പ്രകാരം 100200രൂപ മാത്രമാണ് FACTEOS License Fee എന്ന ഇനത്തിൽ അടവാക്കിയതായി കാണുന്നത് . ടി അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാവാത്തിനാൽ ജീവനക്കാരുടെ എണ്ണം വ്യക്തമല്ല. തൊഴിൽ നികുതി ഇനത്തിലെ വരവ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമശങ്ങളെകുറിച്ചുള്ള എൻക്വയറിയ്ക്ക് (7/6.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി വിവരങ്ങൾ പൂർണ്ണമാക്കി ഡി.സി.ബി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് തിരിച്ചുള്ള ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിരമായി പ്രവർത്തിക്കുന്ന റേഷൻ കടകൾ, MSME കൾ, കള്ളുഷാപ്പുകൾ , അക്ഷയ ഇ സേവനകേന്ദ്രങ്ങൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നതിനും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

1-13 വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കോതകുറിശ്ശിയിലെ ഗ്രാമപഞ്ചായത്തിന്റെ വെയിറ്റിങ് ഷെഡിലെ നടുവിലെ മുറിയിൽ കച്ചവടം നടത്തിവരുന്ന ശ്രീ മുഹമ്മദ് മക്കടയിൽ 2021-2022മുതൽ നാളിതുവരെയായിട്ടും വാടക അടവാക്കിയിട്ടില്ല.

ശ്രീ.മുഹമ്മദ് മക്കടയിൽ കോവിഡ് കാലയളവിന് ശേഷം 29.03.2021ന് തുടർന്ന് പ്രവർത്തിക്കുവാനുള്ള അനുമതിയ്ക്കായി എ3/2224/21നമ്പർ അപേക്ഷ നൽകുകയും 28.05.2021തീയതിലെ ഭരണസമിതി തീരുമാന നമ്പർ 1/1 പ്രകാരം ലേലം ചെയ്യാതെ വാടക 5%വർദ്ധനയോടുകൂടി ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2020-2021 കാലഘട്ടത്തിൽ വാടക 2875രൂപയായിരുന്നു.ആയതുപ്രകാരം വാടക 5 % വർദ്ധനയും GST തുക ഉൾപ്പെടെയുള്ള നാളിതുവരെയുള്ള കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.

കുടിശ്ശിക - വർഷം		
	2021-2022	2022-2023
വാടക (മുൻവാടക+5%)	3019 (2875+144)	3170 (3019+151)
ജി.എസ്.ടി(18%)	543	571
ആകെ	3562	3741
	3562X12= 42744	3741x12= 44892
പിഴ പലിശ 2%(മാസത്തിന്റെ	19925.4	11788.6

അടിസ്ഥാനത്തിൽ നാളിതു വരെയുള്ള മാസം വരെ)		
കുടിശ്ശിക	=42744+ 19925.4= 62669.4	44892+ 11788.6= 56680.6

മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക= 119350 രൂപ

2023 ഏപ്രിൽ മുതൽ നവംബർ വരെയുള്ള വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നാളിതു വരെയുള്ള വാടക	
വാടക (മുൻവാടക+5%)	3328 (3170+158)
ജി.എസ്.ടി(18%)	599
ആകെ	3927
ലഭിക്കാനുള്ള തുക	3927X9= 35343
പിഴപലിശ (മാസത്തിന്റെ 2023 ഏപ്രിൽ മുതലുള്ള അടിസ്ഥാനത്തിൽ നാളിതു വരെയുള്ള മാസം വരെ)	2995
ആകെ തുക	38338

ആകെ വാടക കുടിശ്ശിക= 119350+ 38338=157688/-രൂപ

എന്നാൽ ശ്രീ മുഹമ്മദ് മക്കടയിൽ 2021-22 മുതൽ നാളിതു വരെയുള്ള വാടക നൽകിയിട്ടില്ല.
2005ലെ കേരള പഞ്ചായത്തിരാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7പ്രകാരം വസ്തു വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ ഉപചട്ടം (2) ലെ നിബന്ധനകൾക്ക് അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എന്നാൽ ടിയാനുമായി എഗ്രിമെന്റ് തയ്യാറാക്കിട്ടില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (6/6.12.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തി കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

1-14 റോഡ് കട്ടിങ്ങ് ഫീയായി അടവാക്കിയ തുകയുടെ ആധികാരിത-ഫയൽ വിവരങ്ങൾ-എഗ്രിമെന്റ് എന്നിവ ലഭ്യമല്ല

റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിന്റെ അപേക്ഷ അനുമതിയും സ്വീകരിക്കേണ്ട മറ്റ് നടപടിക്രമങ്ങളും സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നമ്പർ: GO(MS) 59/2020/PWD, 30.07.2020 പുറപ്പെടുവിക്കുകയും തുടർന്ന് വിവിധ ആവശ്യങ്ങൾക്കായി റോഡ് കട്ട് ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുമ്പോൾ ഏജൻസികളിൽ നിന്നും ഈടാക്കേണ്ട റസ്റ്റോറേഷൻ ചാർജ്ജ്, എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, എന്നിവ സംബന്ധിച്ചും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചുമുള്ള മാർഗ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018,24.09.2020 പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് റോഡ് കട്ട് ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡിൽ നിന്നും നാഗൻ വൈദ്യൻ റോഡിലൂടെ ഏയർടെൽ ടവർവരെയുള്ള 60 മീറ്റർ (One Side) നീളമുള്ള ഭാഗത്ത് .05 വീതിയിൽ 3 Pits നിർമ്മിച്ച് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി ഏയർടെൽ ടെലികമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന ടെലികോം കമ്പനി 12.08.2022 തീയതിയിൽ TNL/KER/ Row/GP/PNMN01/01 നമ്പർ കത്ത് പ്രകാരം സുഗമ പോർട്ടലിൽ (Row Service) അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അപേക്ഷയിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം HDD മെത്തേഡ് വഴിയാണ് റോഡ് കട്ടിംഗ് ജോലികൾ നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം 31.03.2023 തീയതിയിൽ രസീതി നം. 1220000339 പ്രകാരം 131,362.00 രൂപ റോഡ് കട്ടിങ് ഫീസായി ഓൺലൈൻ മുഖേന പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ടി പ്രവർത്തിയ്ക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1.9.2022 അനുമതി നൽകിയതായി സുഗമ പോർട്ടിലിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ഇതുസംബന്ധിച്ച വിവരങ്ങൾക്ക് സുഗമ പോർട്ടിലെ വിവരങ്ങളും,വാർഷികകണക്കിലെ ടി ഹെഡിലെ വരവും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളത് . റോഡ് കട്ടിങിന് അനുമതി നൽകുമ്പോൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ സർക്കുലർ നം; CE/R&B/GL-RC/3/2018,24.09.2020 പ്രകാരം പ്രസ്തുത സ്ഥാപനവുമായി ഒപ്പുവച്ച ധാരണാപത്രം 30.03.2019 ലെ CE/R&B/GL-RC/2/2019 നം സർക്കുലർ പാലിച്ച് റോഡ് കട്ട് ചെയ്യുമ്പോൾ നൽകേണ്ട തുകയുടെ 2.5%ശതമാനം സൂപ്പർവിഷൻ ചാർജ്ജും റസ്റ്റോറേഷൻ ചാർജിന്റെ മൂന്നിൽ ഒരു ഭാഗം ബാങ്ക് ഗ്യാരണ്ടിയും ഭാരതി ഏയർടെൽ ലിമിറ്റഡ് അടവാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിവരങ്ങൾ ലഭ്യമല്ല.

റോഡ് കട്ടിങ് ഫീയായി അടവാക്കിയ തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും (8/6.12.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ വസ്തു വകകളിൽ ഉൾപ്പെട്ടതും റോഡ് കട്ടിങ്ങിന് അനുമതി നൽകുകയും ചെയ്ത റോഡ് കൃത്യമായി പരിപാലിക്കേണ്ടതും, തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

1-15 വസ്തു നികുതി പരിഷ്കരണം.2023

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ

വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ അനങ്ങനടി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി **9608** കെട്ടിടങ്ങളാണ് നിലവിലുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 27.04.2023ലെ 2/1 നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിച്ച് 27.04.2023ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം വസ്തുനികുതി പരിഷ്കരണനിരക്കുകളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ നടപ്പാതകളെ മേഖലകളായും അന്തിമമായി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 14.9.2023 ന് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

അനങ്ങനടി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. വിവരശേഖരണം ആരംഭിച്ചതായും ഇതു സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (2/5.12.2023) ലഭ്യമാക്കിയ മറുപടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഡാറ്റപ്യൂരിഫിക്കേഷൻ പൂർത്തികരിച്ചു എന്നു മറുപടി നൽകിയിട്ടുണ്ടെങ്കിലും 34കെട്ടിടങ്ങൾ ഡാറ്റപ്യൂരിഫിക്കേഷൻ പൂർത്തിയാക്കാതെ സോഫ്റ്റ് വെയറിൽ കണ്ടെത്താൻ കഴിഞ്ഞു.നിലവിൽ പുതിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. 339എണ്ണം 9 B ഫോറങ്ങൾ ലഭ്യമായിട്ടുണ്ട്.ഫോറം 6ൽ 2023-2024 ൽ 5% വർദ്ധനവരുത്തിയ നികുതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.ഫോം 9Aയിൽ 2022-2023,2023-2024വർഷത്തെ നികുതി ഉൾപ്പെടുത്തിയിട്ടുണ്ട്.കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ഭേദഗതി പ്രകാരമുള്ള സർവ്വീസ് ചാർജ് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി-22.03.2023) പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 എ ബി സി പ്രോഗ്രാം- തുക കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ്	നം.122/23, എ ബി സി പ്രോഗ്രാം- തുക കൈമാറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ, ഫണ്ടിനം	₹200000 (വികസന ഫണ്ട് ജനറൽ)
ചെലവ്	₹200000 - വികസന ഫണ്ട് ജനറൽ
ബിൽ നം./ തീയതി	17/19-12-22

മേൽ പ്രോജക്റ്റ് പ്രകാരം എ ബി സി പദ്ധതിയ്ക്കായി 200000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (A/c No. 79901140000220O). തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/06-12-23 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിരുന്നുവെങ്കിലും തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെന്നും വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമായത് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കുടിവെള്ള വിതരണം- അപാകങ്ങൾ

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി തുക ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും യഥേഷ്ടാനുമതി നൽകി സ.ഉ(സാധാ) നം.652/2022/LSGD തി. 10-03-22 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തനത്/പ്ലാൻ ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിക്കാവുന്നതാണ്.

31-03-22 വരെ- 5.50 ലക്ഷം രൂപ

01-04-22 മുതൽ 31-05-22 വരെ- 11 ലക്ഷം രൂപ.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 2 ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മുകേഷ്.വി.കെ, വാട്ടാറക്കുഴി, പാവുക്കോണം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടിയാനുമായി കരാർ ഉടമ്പടി നം.1/12-05-22 പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കുടിവെള്ള വിതരണം നടത്തിയ വകയിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നം./തീയതി	തുക	കുടിവെള്ളം വിതരണം ചെയ്ത കാലയളവ്	റിമാർക്സ്

1	22200232/22-07-22	192270	13-05-22 മുതൽ 31-05-22 വരെ	കരാറുകാരന്റെ അപേക്ഷ പ്രകാരം - 68 ട്രിപ്പ് വെള്ളം- 68x5000 ലി. = 340000 ലി. ചെലവ്- 340000x0.65 = 221000 രൂപ
2	22200346/05-09-22	179000	01-06-22 മുതൽ 30-06-22 വരെ	കരാറുകാരന്റെ അപേക്ഷ പ്രകാരം - 126 ട്രിപ്പ് വെള്ളം- 126x5000 ലി. = 630000 ലി. ചെലവ്- 630000x0.65 = 409500 രൂപ

ക്രമ നം. 2 പ്രകാരം 31-05-22 ന് ശേഷവും കുടിവെള്ള വിതരണം തുടരുകയും തുക അനുവദിച്ച് നൽകുകയും ചെയ്തതായി കാണുന്നു. ആയതിന് പ്രത്യേകം അനുമതി ലഭ്യമാക്കിയിട്ടില്ല. 30-05-22 ലെ അടിയന്തിര യോഗ തീരുമാനം നം.1(1) പ്രകാരം 31-05-22 ന് ശേഷവും കുടിവെള്ള വിതരണം തുടരുന്നതിനും ആയതിന് സർക്കാരിൽ നിന്ന് അനുമതിയ്ക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 31-05-22, 29-11-22 തീയതികളിലെ SC2-121/2022(2) നം. കത്തുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. സർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/12-12-23 ന് മറുപടി ലഭ്യമായില്ല. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-18 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം 879616 രൂപ ചെലവുണ്ട്. രേഖകൾ പരിശോധിച്ചതിൽ 26 കൺസ്യൂമർ നമ്പറുകളിലായി വൈദ്യുതി ചാർജ് അടവാക്കുന്നതിൽ 25 എണ്ണം വിവിധ ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടേതാണ്. ബാക്കിയുള്ള ഒരു കൺസ്യൂമർ നമ്പറിലാണ് മറ്റു തെരുവുവിളക്കുകൾ ഉൾപ്പെടുന്നത് (കൺസ്യൂമർ നം. 1165420005984). പ്രസ്തുത കൺസ്യൂമർ നമ്പറിനു

കീഴിലെ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത കൺസ്യൂമർ നമ്പറിൽ പ്രതിമാസം ശരാശരി 40000 രൂപ വൈദ്യുതി ചാർജ് വരുന്നുണ്ട്.

കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ടി കൺസ്യൂമർ നമ്പറിനു കീഴിലെ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.11/11-12-23) നൽകിയതിന് മറുപടി ലഭ്യമായില്ല.

വൈദ്യുതി ചാർജ്ജിനത്തിലെ ചെലവ് കുറയ്ക്കുന്നതിനായി എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-19 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 6 കുടിവെള്ള പദ്ധതികളാണുള്ളത്.

1. അമ്പലവട്ടം

2. കാഞ്ഞിരം നവോദയം

3. ഐക്യത്തിൽ പടി

4. അലച്ചിക്കുണ്ട്- മുണ്ടോക്കുളം- എരുവിളാംകുന്ന്

5. വെള്ളിനാംകുന്ന്

6. പാറമേൽ കോളനി- അയ്യപ്പൻതറ

മേൽ പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ തൻവർഷം 277725 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മേൽ പറഞ്ഞ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് ഈടാക്കുന്നില്ല.

മേൽ പറഞ്ഞ കുടിവെള്ള പദ്ധതികളിൽ നിന്നും നൽകിയ വാട്ടർ കണക്ഷനുകളുടെ എണ്ണം, പ്രസ്തുത പദ്ധതികൾ നാളിതുവരെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാതിരിക്കുവാനുള്ള കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/12-12-23) മറുപടി ലഭ്യമായില്ല.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്, മെയ്ന്റനൻസ് ചെലവുകൾ എന്നിവ ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നതിനാൽ ആയവയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-20 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനത്തിന്റെ പരിപാലനച്ചെലവ്

Mahindra Bolero- KL 51J 2926

2022-23 വർഷത്തിൽ 160119/- രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റനൻസിനായി 89717/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്കിൽ

സൂക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് 17-12-2021 ലെ ആണ്.

ഫ്യൂവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

2. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്നും ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര് , ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധനം നിറയ്ക്കുന്ന സമയത്ത് ഹാജരായ ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തുന്നില്ല.

3. വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തി ലോഗ്ബുക്കിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ലോഗ്ബുക്കിൽ സൂക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ വാലിഡിറ്റി 15-09-2022 ൽ അവസാനിച്ചിട്ടുള്ളതാണ്.

4. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/12-12-23) ലഭ്യമാക്കിയ മറുപടിയിൽ 06-12-23 ന് മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.
നിശ്ചിത ഇടവേളകളിൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തുന്നതിനും വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-21 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പ്രകാരം മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നിർമ്മാണം ആരംഭിച്ച വർഷം	കൈപ്പറ്റിയ തുക	അവസാനമായി തുക കൈപ്പറ്റിയ തീയതി
1	കദീജ W/o മുഹമ്മദ് യാസിൻ, തച്ചര്തൊടി, പാവുക്കോണം	2018-19	360000	15-10-2019
2	പ്രീത, വലിയവീട്ടിൽ, പത്താംകുളം	2018-19	360000	02-11-2019
3	ശാന്ത W/o വിജയകുമാർ, കാളിയാട്ട് പറമ്പിൽ, പാവുക്കോണം	2018-19	375000	10-03-2020
4	റസിയ W/o	2018-19	360000	18-03-2020

	മൻസൂർ, പടിയത്തുപറമ്പിൽ, പത്താംകുളം			
5	സുഭാഷ് ബശാന്തൻ S/o ശാന്തകുമാരി, ഇരുവിളാംകുന്നത്ത്, കോതകുർശ്ശി	2021-22	40000	24-03-22

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/11-12-23 ന് മറുപടി ലഭ്യമായില്ല.

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 റോഡ് കണക്ടിവിറ്റി മാപ് തയ്യാറാക്കൽ-പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്

37/23-റോഡ് കണക്ടിവിറ്റി മാപ് തയ്യാറാക്കൽ

അടങ്കൽ - 50000 (തനതു ഫണ്ട്)

ചെലവ് - ₹15000 (വൌച്ചർ നം. 22200912/27.3.2023-Rs.15000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി ₹15000 ശ്രീ.ദിനൂപ്.കെ.പി.യ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.99980102446510 -Federal Bank).

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.12.2023ന് റോഡ് കണക്ടിവിറ്റി മാപ്പിൽ പഞ്ചായത്തിലെ മുഴുവൻ റോഡുകളും R-track App-ൽ ഉൾപ്പെടുത്തി സർവെ റിപ്പോർട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ സർവെ വേരിഫിക്കേഷൻ നടപടികൾ R-Track Software-ൽ പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-23 പാപ്പിനിക്കോട് ബൈപാസ് കോൺക്രീറ്റ് -മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

(1) 62/23 -പാപ്പിനിക്കോട് ബൈപാസ് കോൺക്രീറ്റ്

അടങ്കൽ -₹50000 -തനത് ഫണ്ട്

ചെലവ് -₹49950/- (49060 -ചെക്ക് നം. 3810940/17-8-2022-
890/-ചെക്ക് നം.6528641/17.8.2022)

കരാറുകാരൻ -ശ്രീ.മോഹനൻ.വി.കെ.

എഗ്രിമെന്റ് നം. -46/11.1.2022

അളവു പുസ്തകം - 158/20-21

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

(2) 72/23 -പാപ്പിനിക്കോട് ബൈപാസ് ബാക്കി ഭാഗംകോൺക്രീറ്റ്

അടങ്കൽ -₹50000 -തനത് ഫണ്ട്

ചെലവ് -₹40000/- (39286 -ചെക്ക് നം. 6528642/17.8.2022, 714-6528643/17.8.2022)

കരാറുകാരൻ -ശ്രീ.മോഹനൻ.വി.കെ.

എഗ്രിമെന്റ് നം. -70/11.3.2022

അളവു പുസ്തകം - 182/20-21

ക്രമനം (1) പ്രകാരമുള്ള പ്രവൃത്തിയിൽ 12.30m. നീളവും ക്രമനം. (2) പ്രകാരമുള്ള പ്രവൃത്തിയിൽ 13.40m. നീളവും കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. ആദ്യ പ്രവൃത്തി 24-2-2022നം രണ്ടാമത്തെ പ്രവൃത്തി 24-3-2022നം പൂർത്തീകരിച്ചിട്ടുണ്ട്.

13-ാം പദ്ധതി പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.11/2018 തസ്വഭവ തിയതി, 29.1.2018 ഖണ്ഡിക 11.2(4) പ്രകാരം ഗുണഭോക്തൃ സമിതികളെയോ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല. കൂടാതെ ഖണ്ഡിക 2.3(7) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെകുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്.

14-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/2022/LSGD തിയതി, 19.4.2022 ഖണ്ഡിക 2.4 പ്രകാരം ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണം. ഖണ്ഡിക 2.5 പ്രകാരം വികസന പ്രശ്നങ്ങളെ സമഗ്രമായി കണ്ട് പരിഹരിക്കുന്നതിന് ഏകവർഷവും ബഹുവർഷവും ആയ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. മതിയായ സ്ഥല പരിശോധനകളോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുതും അപാകതകൾക്ക് കാരണമായിട്ടുണ്ട്. പാപ്പിനിക്കോട് ബൈപാസ് കോൺക്രീറ്റ് എന്ന പ്രവൃത്തി മുഴുവനായി ഒരു പ്രോജക്ടായി നടപ്പിലാക്കാതെ ഘട്ടം ഘട്ടം ആയി നടപ്പിലാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ സൈറ്റ് പ്ലാൻ പ്രകാരം രണ്ടു പ്രവൃത്തികളും ഒരേ സ്ഥലത്താണ് നിർവഹിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.12.2023ന് പാപ്പിനിക്കോട് ബൈ പാസ് അത്യന്തം ദുർഘടമായ 14m വരെ അടിയന്തിരമായി പൂർത്തീകരിച്ചാൽ മാത്രമേ ഗതാഗതയോഗ്യമാവുകയുള്ളൂ. ആയത് തനത് ഫണ്ടിന്റെ ലഭ്യതകുറവു മൂലമാണ് ആദ്യ ഡിപിസിയിൽ 50000/-, അവസാനത്തെ ഭേദഗതി ഡിപിസിയിൽ 50000/- രൂപയും ഉൾപ്പെടുത്തിയത്. സ്ഥിതി മെച്ചപ്പെട്ട 14m കൂടി ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്ത് യാത്ര സുഗമമാക്കുന്നതിനാണ് രണ്ടാം പ്രോജക്ടിലൂടെ ക്രമീകരിച്ചിരുന്നത്. തനതു ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് രണ്ടു ഘട്ടമായി പൂർത്തീകരിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- ഗുണഭോക്തൃ സമിതികളെയോ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തേണ്ടതാണ്.

1-24 കളംചാള കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം. 207/22-കളംചാള കുടിവെള്ള പദ്ധതി പൂർത്തീകരണം

അടങ്കൽ ₹200000/- Plan (SCP)

ചെലവ് - ₹97081/- (ട്രഷറി ബിൽ നം.17/28.3.2023)

കരാറുകാരൻ -ശ്രീ.അബ്ദുൾറസാക്ക്.എ.

എഗ്രിമെന്റ് നം. 77/17.3.2022

എം.ബി. നം. - 214/20-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, പാലക്കാട് അസിസ്റ്റന്റ് എഞ്ചിനീയർക്കയച്ച GWDPK.1916/2020 Dt.12.4.2022ലെ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ അനങ്ങനടി ഗ്രാമപഞ്ചായത്തിലെ കളംചാള കുടിവെള്ള പദ്ധതിക്ക് ഭൂജലപര്യവേഷണം നടത്താൻ അപേക്ഷിച്ചിരുന്നു എന്നും ഫോണിൽ ബന്ധപ്പെട്ടപ്പോൾ കളംചാള കുടിവെള്ള പദ്ധതിക്ക് പര്യവേഷണം ആവശ്യമില്ല എന്ന് അറിയിച്ചിരുന്നു എന്നും പ്രസ്തുത സ്ഥലത്തിന് പകരം മറ്റൊരു സ്ഥലത്ത് ഭൂജലപര്യവേഷണം ആവശ്യമുണ്ടെങ്കിൽ രേഖാമൂലം അറിയിക്കണം എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി മാത്രം ചെയ്ത് കരാറുകാരന് തുക നൽകിയിട്ടുണ്ട്. കെഎസ്ഇബി കണക്ഷൻ എടുത്തിട്ടില്ല.

പ്രവൃത്തി പൂർത്തിയാക്കി വൈദ്യുത കണക്ഷൻ ലഭ്യമാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരം, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/11.12.2023ന് കളംചാള കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതിയാണ് എന്നും വേനൽകാല മാസങ്ങളിലെ ജല ദൌർലഭ്യം പരിഹരിക്കുവാൻ നിലവിലെ പഴയ അധിക ബോർവെൽ പമ്പ് ഹൌസ്, ബോർവെല്ലിൽ നിന്ന് ടാങ്കിലേക്കുള്ള വിതരണ പൈപ്പ് ലൈൻ എന്നിവയാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ആയതിന്റെ കെഎസ്ഇബി കണക്ഷൻ ലഭ്യമാക്കുന്നതിന് 2023-24 പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട് എന്നും ആയത് ചെലവാക്കുന്ന മുറയ്ക്ക് ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വൈദ്യുത കണക്ഷൻ ലഭ്യമാക്കി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 എം.സി.എഫ്. കെട്ടിടം -പ്രവർത്തനക്ഷമമാക്കേണ്ടതാണ്

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നം. 18/23 -എം.സി.എഫ്. കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് ₹1907400/- (CFC) അടങ്കലായി തുക വകയിരുത്തുകയും 643683/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ താൽക്കാലിക എം.സി.എഫ്. പ്രവർത്തിക്കുന്നത് വാർഡ് 8-ൽ ഉള്ള ഗ്യാസ് ക്രിമറ്റോറിയത്തിലാണ്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/11.12.2023ന് കെട്ടിട നിർമ്മാണം 30.11.2023ന് പൂർത്തീകരിച്ചിട്ടുണ്ട് എന്നും ആയതിന്റെ പെയിന്റിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തി 2024-25 വർഷത്തിൽ ഉൾപ്പെടുത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാവുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-26 വനിത ജിംനേഷ്യം -കെട്ടിടത്തിന് അടിസ്ഥാന സൌകര്യമൊരുക്കി പ്രവർത്തനക്ഷമമാക്കേണ്ടതാണ്

219/23 -വനിത ജിംനേഷ്യം കെട്ടിടത്തിന് അടിസ്ഥാന സൌകര്യമൊരുക്കൽ

അടങ്കൽ -200000 -തനതു ഫണ്ട്, 500000-ജില്ലാ പഞ്ചായത്ത്

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

വനിത ജിംനേഷ്യം കെട്ടിടത്തിന് അടിസ്ഥാന സൌകര്യമൊരുക്കൽ എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. 2022-23 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ജിംനേഷ്യത്തിലേക്ക്

ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് തൊട്ട് പ്രവർത്തിക്കുന്ന അംഗൻവാടിക്കു മുകളിൽ ജിം ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

ജിം ഉപകരണങ്ങൾ

ജിം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കാൻ ഉള്ള സ്ഥലസൌകര്യം കുറവായതിനാൽ മുഴുവൻ ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല. ലഭ്യമായ ജിം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ജിമ്മിൽ ഓരോ മാസവും ഹാജരാവുന്ന വ്യക്തികളിൽ നിന്നും ഒരാൾക്ക് 100/- രൂപ വീതം ചാർജ് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ട് (2023 മെയ് 1 മുതൽ). ജിം നടത്തിപ്പുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനം, ക്വട്ടേഷൻ ഫയൽ, നടത്താൻ ഏൽപ്പിച്ച വ്യക്തിയുമായി ചമച്ച എഗ്രിമെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/11.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജിംനേഷ്യം കെട്ടിടത്തിന് അടിസ്ഥാന സൌകര്യമൊരുക്കൽ എന്ന പ്രവൃത്തി നടപ്പിലാക്കേണ്ടതും ലഭ്യമായ ഉപകരണങ്ങൾ മുഴുവൻ സ്റ്റോക്കിലെടുക്കേണ്ടതും നടത്തിപ്പുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് ചമക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	ഓഡിറ്റ് സർട്ടിഫിക്കറ്റ്
2022-23	2-12-2023 മുതൽ 13-12-2023 വരെ	ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്	2018-19	454824	ലൈഫ് മിഷൻ എസ്.സി	0	454824
	2018-19	159000	ലൈഫ് മിഷൻ ജനറൽ	0	159000
	2022-23	150000	91/23, മൂന്നാം വിള പയർവർഗ്ഗ കൃഷി	150000	0
	2022-23	421600	80/23, സമഗ്ര നെൽകൃഷി വികസനം	421600	0
	2022-23	160000	87/23, വനിതാ പശുവളർത്തൽ പദ്ധതി	160000	0
	2022-23	1300000	98/23, ലൈഫ് മിഷൻ പാർപ്പിട പദ്ധതി പട്ടികജാതി	1300000	0
	2022-23	390000	96/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	390000	0
	2022-23	125000	110/23, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	125000	0
	2018-19	157379	ലൈഫ് മിഷൻ എസ്.സി	0	157379
	2018-19	3715	ലൈഫ് മിഷൻ ജനറൽ	0	3715
	2022-23	498275	80/23, സമഗ്ര നെൽകൃഷി വികസനം	498275	0
	2022-23	157379	98/23, ലൈഫ് മിഷൻ പാർപ്പിട പദ്ധതി	157379	0

		പട്ടികജാതി		
2022-23	130000	96/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	130000	0
2022-23	100000	110/23, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	100000	0
2022-23	30000	ആശ്രയ	0	30000

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	ഡെപ്പോസിറ്റ് തുക	ബാക്കി
കെ.എസ്.ഇ.ബി, കോതകുറിശ്ശി ഇലക്ട്രിക്കൽ സെക്ഷൻ	പ്രോജക്ട് നം. - 142/23, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ- തുക കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ	1) 19/20-01-23-₹40519 2) 22/10-03-23-₹14459 3) 23/24-03-23-₹28794	83772 (CFC Grant)	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്)

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ചത്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ്- KURDFC വായ്പ	7336356	0	7336356	1534204*	0	5802152

(*) - സെക്രട്ടറി 4 G.O പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച തുക

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-ാം** വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3-12	2011-12	2.5	പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ വിനിയോഗിക്കപ്പെടാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല- പൊതു അവലോകനം	സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല
		2011-12	3.2.12, 3.2.13	പ്രവർത്തനാവലോകന റിപ്പോർട്ട്- റോഡ് നിർമ്മാണ പ്രവൃത്തികൾ	സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല
		2015-16	5.2	ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണം- ജില്ലാതല വിഷയാധിഷ്ഠിത അവലോകനം	സമിതിയുടെ സിറ്റിംഗ് കഴിഞ്ഞിട്ടില്ല
		2016-17	9.3.2	ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും - പ്രത്യേക റിപ്പോർട്ട്	സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല
2014-15	2-1	2016-17	അനുബന്ധം 4	തൊഴിൽ നികുതി അവലോകനം	സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	:	₹33948361/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹31045451/-
വരവിനങ്ങളിലുള്ള നഷ്ടം	:	-----
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-----
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	-------

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഒന്നുമില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1996-97	നം. കെ. എസ്. എ-പി. കെ.ഡി 16/1406/21 തീയതി 10.02.2022	1	അദാലത്ത്
1997-98		2	
2002-03		1	
2003-04		1	
2004-05		1	
2005-06		1	
2007-08		1	
2008-09	നം. കെ. എസ്. എ-പി. കെ. ഡി 13/1805/22 തീയതി 28.11.22	8	
2009-10		5	
2010-11		6	
2011-12		11	
2012-13		11	
2013-14, 2014-15		6	
2015-16		6	
2016-17		8	
2017-18		6	
2018-19	നം കെ.എസ്. എ-പി. കെ. ഡി 16/1229/19, 01.11.2019	11	
2019-20	നം . കെ. എസ്. എ-പി. കെ. ഡി 13/1258/22 തീയതി 07.07.2022	മുഴുവൻ	
2020-21	നം . കെ. എസ്. എ-പി. കെ. ഡി 13/1259/22 തീയതി 07.07.2022	മുഴുവൻ	
2021-22	നം.കെ.എസ്.എ-	23	

		പി.കെ.ഡി-16/303/2023 തീയതി 03.04.2023			

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 15-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ananganadi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ananganadi Grama Panchayat for the year 2022-2023

Date: 27/12/2023

Deputy Director
District Office Palakkad
Kerala State Audit Department

Audit Report appended to the Audit Certificate of Ananganadi Grama Panchayat for the Year 2022-2023 .

1.Major Observations

2.Other Observations

1. Journal entry has not been made in respect of Health Grant Expenditure of 117200/-. So the amount in the balance sheet differ from the actual balance.
2. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance Sheet could not be ascertained.
3. All mandatory financial statements prescribed in accounting rules are not submitted for audit.
4. Cashflow statement- Net increase /decrease in cashflow not in accordance with the difference between the opening balance and closing balance of cash and cash equivalents.
5. Abstract is not recorded in Deposit Register. So the accuracy of the amounts in AFS could not be

ascertained.

6. The Opening Balance of Life Mission State Share is not included in the correct account head in the AFS and journal entry has not been made for the expenditure of 1075000/- in respect of State Share.
7. MGNREGS- The actual Opening Balance, Expenditure and Closing Balance do not match with the AFS.
8. Property tax arrear- demand amounts in Sanchaya software do not match with AFS.
9. Rent arrear- the amount in register does not match with AFS.
10. No documents to verify the accuracy of receipts in respect of prior period income.
11. Bank book balance and the balance of bank book in reconciliation statement do not match.
12. Passbook details of LGTSB Own Fund account for 07/2022, 12/2022 and 01/2023 were not produced for audit and hence reconciliation for these months could not be verified.
13. Uncashed Cheque for more than three months after their issue by the Gramapanchayat is not transferred to STALE CHEQUE Account.
14. As per the Bank Account Statement of INDIAN BANK PADNA LIGNA ABHIYAN A/C No.-7153915661 there are transactions of 45070/- during the period from 03-04-22 to 05-08-22. But there is only one entry of 1800/- recorded in Bank Book.
15. The closing balance amounts in RP 40(b) schedule do not match with the closing balance amounts in the Bank Book

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക്-പത്രികകൾ സംക്ഷിപ്തം

	Ananganadi Grama Panchayat RECEIPT & PAYMENT STATEMENT		
	For the period from 01-April-2022 to 31-March-2023		
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	14336943.00
Cash	Cash	RP-40(a)	98751.00
	Operating		
110000000	Tax Revenue	RP-1	868400.00
130000000	Rental income from Panchayat Properties	RP-3	3000.00
140000000	Fees & User Charges	RP-4	682386.00
150000000	Sale & Hire Charges	RP-5	110010.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	12236000.00
171000000	Interest Earned	RP-9	226934.00
190000000	Prior Period Income	RP-11	39239.00
210000000	Establishment Expenses	RP-12	5053.00
311000000	Earmarked Funds	RP-28	883.00
320000000	Grants, Funds & Contributions for Specific Purposes	RP-30	10635771.00
431000000	Sundry Debtors (Receivables)	RP-45	8702077.00
460000000	Loans, Advances and Deposits	RP-49	12000.00
	Non Operating		
180000000	Other Income	RP-10	0.0
340000000	Deposits Received	RP-33	64317.00
350000000	Other Liabilities	RP-35	362291.00
	Grand total		**48384055.00**
	PAYMENTS		

	Operating		
220000000	Administrative Expenses	RP-13	4510.00
320000000	Grants, Funds & Contributions for Specific Purposes	RP-30	12550.00
415000000	Annual plan - Capital Expences(Infrastructure Sector)	RP-42	15000.00
431000000	Sundry Debtors (Receivables)	RP-45	7495247.00
	Non Operating		
340000000	Deposits Received	RP-33	72267.00
350000000	Other Liabilities	RP-35	23445877.00
	Closing Balance		
Bank	Bank	RP-40(b)	17216663.00
Cash	Cash	RP-40(b)	121941.00
	Grand Total		**48384055.00**

Ananganadi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4472910.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	39228.00
140000000	Fee & User Charges	I-4	815406.00
150000000	Sale & Hire Charges	I-5	110010.00
160000000	Revenue Grants, Funds, Contributions & Compensations /	I-6	90321507.00

	Subsidies		
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	226934.00
180000000	Other Income	I-9	0.0
190000000	Prior Period Income	I-19	114517.00
	Total Income		**95985995.00**
	EXPENDITURE		
210000000	Establishment Expenses	I-10	13096392.00
220000000	Administrative Expenses	I-11	975501.00
230000000	Operations & Maintenance	I-12	3311138.00
240000000	Interest & Finance Charges	I-13	1769.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	4994986.00
251000000	Decentralised Plan Programme-Service Sector	I-14(A)	23782826.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	5533078.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	4035723.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	41907870.00
255000000	Maintenance Projects	I-14(E)	0.0

256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	11800.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	5791421.00
	Total Expenditure		**103442504.00**
	Gross Surplus / Deficit of income over Expenditure		**-7456509.00**
	Gross Surplus / Deficit of income over Expenditure		**-7571026.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	0.0
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**114517.00**

	Ananganadi Grama Panchayat BALANCE SHEET		
	As on 31-March-2023		
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	8308494.50
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	22367.00

312000000	Reserves	B-3	72753031.00
	Total Reserve & Surplus		**81083892.50**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	13552533.00
	Total Grants, Contributions for Specific Purposes		**13552533.00**
	Loans		
330000000	Secured Loans	B-5	5802152.00
331000000	Unsecured Loans	B-6	0.0
	Total Loans		**5802152.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	711837.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3497360.50
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**4209197.50**
	TOTAL LIABILITIES		**104647775.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	288211.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	68410.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	21552786.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	67943188.00
416000000	Accumulated Depreciation	B-11(a)	-19611687.00
	Total Fixed Assets		**70240908.00**
	Investments		
420000000	Investments-General	B-12	0.0

	Fund		
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	7910307.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	5802152.00
450000000	Cash and Bank Balance	B-17	17338604.00
460000000	Loans, Advances and Deposits	B-18	3355804.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**34406867.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**104647775.00**

ഡെപ്യൂട്ടി ഡയറക്ടർ